(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിനുള്ള ടയറുകൾ വാങ്ങുന്നതു് സംബന്ധിച്ചു് ഏതെങ്കിലും കമ്പനിയുമായി ഉടമ്പടി ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതു കമ്പനിയാണു്? എന്താണു് വ്യവസ്ഥകൾ എന്നു വെളിപ്പെടുത്തുമോ?

HON'BLE MR. K. R. ELANKATH : (എ) ഉടമ്പടി ചെയ്തിട്ടുണ്ടു്.

(ബി) ൧൫-൦ ൫൦ ശതമാനം ഡിസ്കൌണ്ടു് അനുസരിച്ചു് താഴെ പറയുന്ന കമ്പനികൾക്കു് ഉടമ്പടി കൊടുത്തിട്ടുണ്ടു്.

(1) Dunlop Tyre Company.
(2) Goodyear Tyre Company.
(3) Firestone Tyre Company.

ഇതിൻപ്രകാരം ഒരു കൊല്ലത്തേക്കാണു് ഉടമ്പടി കൊടുത്തിട്ടുള്ളതു്.

ഭൂമി പതിച്ചോ കുത്തകപ്പാട്ടമായോ നൽകുന്നതിനുള്ള പദ്ധതി.

*257. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ?

(എ) താമസത്തിനു് സ്വന്തം സ്ഥലമില്ലാത്ത സാധുക്കൾക്കു് ഭൂമി പതിച്ചോ കുത്തകപ്പാട്ടമായോ നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി ഗവണ്മെൻറിൻെറ ആലോചനയിൽ ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു എപ്പോൾ നടപ്പിൽ വരുമെന്നു പ്രസ്താവിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഇല്ല.

(ബി) എയുടെ മറുപടിയിൽനിന്നും ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

MR. MOHAMMED MUSTAFA : താമസിക്കുന്നതിനു് സ്വന്തം സ്ഥലമില്ലാത്ത ആളുകൾക്കു് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കണമെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : തീർച്ചയായിട്ടും അറിയാം. ഇതിനായിട്ടു് ഒരു ലാൻറു് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടു്.

MR. MOHAMMED MUSTAFA : ആ കമ്മിറ്റി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഒരു കമ്മിറ്റിയെ നിയമിച്ചിരിക്കുന്ന സ്ഥിതിക്കു് അവർ പ്രവർത്തനം നടത്തിക്കൊണ്ടു തന്നെയിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly